# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1345** 11.06.2019 -ൽ മറുപടിയ്ക്ക്

## നെയ്യാറ്റിൻകര മണ്ഡലത്തിൽ ഹൈടെക് നിലവാരത്തിൽ ആക്കുന്ന സർക്കാർ - എയ്ഡഡ് സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ. ആൻസലൻ** | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ ഒന്നാം ക്ലാസുമുതൽ ഏഴാം ക്ലാസുവരെ ഹൈടെക് നിലവാരത്തിൽ ആക്കുന്ന സർക്കാർ - എയ്ഡഡ് സ്കൂളുകളിൽ ഓരോന്നിലും എത്ര ക്ലാസ് മുറികളാണ് ഹൈടെക് നിലവാരത്തിലാക്കുന്നതെന്ന് വിശദമാക്കമോ; അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കുമോ; | എ) ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിയല്ല പ്രൈമറി വിഭാഗം സ്കൂളുകളിൽ നടപ്പിലാക്കുന്നത്. പകരം ഹൈടെക് ലാബ് സജ്ജമാക്കുന്നതിന് കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഉപകരണങ്ങൾ ലഭ്യമാക്കുകയാണ് ചെയ്യുന്നത്. സ്കൂളുകളിലേയ്ക്ക് നൽകുന്ന ലാപ്ടോപ്പ് കമ്പ്യൂട്ടർ, മൾട്ടി മീഡിയ പ്രൊജക്ടർ, യു.എസ്.ബി. സ്പീക്കർ തുടങ്ങിയവ ആവശ്യകതയ്ക്കനുസരിച്ച് ഏത് ക്ലാസിലും ഉപയോഗിക്കാവുന്നതാണ്. അതിനാൽ ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗം സ്കൂളുകളിൽ സൗകര്യമുള്ള എല്ലാ ക്ലാസ് മുറികളിലും ഹൈടെക് സംവിധാനം പ്രയോജനപ്പെടുത്താവുന്നവിധത്തിലാണ് ക്രമീകരണങ്ങൾ ഒരുക്കിയിരിക്കുന്നത്. നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ 65 സ്കൂളുകളിലേയ്ക്ക് ഇതിനനുസൃതമായി ഉപകരണങ്ങൾ ലഭ്യമാക്കുന്നതാണ്. പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതിയ്ക്കായി കിഫ്ബി 292 (ഇരുന്നൂറ്റി തൊണ്ണൂറ്റി രണ്ട്) കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | ബി) | സംസ്ഥാനത്തെ 9941 സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ കിഫ്ബി ധനസഹായത്തോടെ പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കുകയാണ്. പദ്ധതി പ്രകാരം സ്കൂളുകൾക്ക് വിതരണം ചെയ്യുന്ന ലാപ്ടോപ്പ് കമ്പ്യൂട്ടർ, മൾട്ടി മീഡിയ പ്രൊജക്ടർ, യു.എസ്.ബി. സ്പീക്കർ എന്നിവയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. ഇവ കൂടാതെ മൾട്ടി ഫങ്ഷൻ പ്രിന്റർ, ടെലിവിഷൻ എന്നിവയുടെ ടെണ്ടർ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ഈ അദ്ധ്യയന വർഷം ഈ പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള ക്രമീകരണങ്ങളാണ് ഒരുക്കികൊണ്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ